# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 26-12-2013

### സ്കൂൾ യൂണിഫോം;

## പ്രധാനാധ്യാപകരെ സർക്കാർ പീഡിപ്പിക്കുന്നു

### -കെ എസ് ടി എ

കുട്ടികൾക്ക് യൂണിഫോം നൽകാനുള്ള ബാധ്യത മതിയായ ഫണ്ട് നൽകാതെ, ഹെഡ്മാസ്റ്റർമാരുടെ ചുമലിൽ കെട്ടിയേൽപ്പിക്കാനുള്ള നീക്കത്തിൽ നിന്നും സർക്കാർ പിന്തിരിയണമെന്ന് കെ.എസ്.ടി.എ ആവശ്യപ്പെട്ടു. 400 രൂപയ്ക്ക് രണ്ടു ജോഡി യൂണിഫോം തുന്നി നൽകണം എന്നത് നടപ്പിലാക്കാൻ കഴിയുന്നതല്ല. സർക്കാർ ക്വട്ടേഷൻ നൽകിയ കമ്പനികളിൽ നിന്നും തുണി ലഭിക്കുന്നതിനുള്ള സൗകര്യമില്ലാതെ നിബന്ധനകൾ അടിച്ചേൽപ്പിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല. മുൻ വർഷങ്ങളിലേതുപോലെ സ്കൂൾ പി.ടി.എ യുടെ സഹായത്തോടുകൂടി തുണിവാങ്ങി നൽകാൻ മാത്രമേ കഴിയുകയുള്ളൂ. തുണിയും തയ്യൽക്കൂലിയും ഉൾപ്പെടെ നിർവഹിക്കാനുള്ള ചുമതല അതാത് വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്റർമാരെ ഏൽപ്പിച്ചിരിക്കുകയാണ്. എസ്.എം.സി, പി.ടി.എ എന്നിവരുടെ സഹായത്തോടെ പദ്ധതി പൂർത്തീകരിക്കാൻ ഉത്തരവിറക്കിയ സർക്കാർ, പ്രധാനാധ്യാപകരെ വൻതോതിലുള്ള സാമ്പത്തിക ബാധ്യതയിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. പുറത്തുനിന്നും യൂണിഫോം വാങ്ങാൻ തയ്യാറാകുന്നവർ ഈ കമ്പനികളുടെ ക്വാളിറ്റി സർട്ടിഫിക്കറ്റ് കരസ്ഥമാക്കണം എന്ന നിബന്ധന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചുള്ളതല്ല. ഹെഡ്മാസ്റ്റർമാരുടെയും പി.ടി.എ പ്രസിഡന്റുമാരുടെ യോഗം വിദ്യാഭ്യാസ ഓഫീസർമാർ വിളിച്ചുകൂട്ടാനും, നിർബന്ധം ചെലുത്തി പദ്ധതി നടപ്പിലാക്കാനും ഉത്തരവിറക്കിയിരിക്കുന്നു. കൂടുതൽ വ്യക്തതവും പ്രായോഗികവുമായ നിബന്ധനകൾ പുറപ്പെടുവിക്കാതെ ഈ പദ്ധതിയുമായി സഹകരിക്കില്ലെന്ന് കെ.എസ്.ടി.എ അറിയിച്ചു. സർക്കാരിന്റെ പിടിപ്പുകേടിന്റെ ജാള്യതമറക്കാൻ ഹെഡ്മാസ്റ്റർമാരെ കരുവാക്കാനുള്ള നീക്കത്തിൽ നിന്ന് സർക്കാർ പിൻമാറണമെന്നും പ്രായോഗിക സമീപനങ്ങൾ അടങ്ങിയ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ജനറൽസെക്രട്ടറി എം.ഷാജഹാൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി